# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5916 09.07.2012 ൽ മറുപടിക്ക്

### സംസ്ഥാനത്തെ നിർമ്മാണ മേഖല പ്രതിസന്ധിയിലാണെന്ന വസ്തുത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ:<br>,, പുരുഷൻ കടലുണ്ടി:<br>,, എം. ഹംസ:<br>,, ബാബു എം. പാലിശ്ശേരി: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നിർമ്മാണ മേഖല പ്രതിസന്ധിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നത് മനസ്സിലാക്കിയിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി)കുടിശ്ശിക കിട്ടാത്തതു മൂലം ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ തുടരാനാവില്ലെന്നു കാണിച്ച് കരാറുകാർ പരാതി നൽകിയിട്ടുണ്ടോ; ഏറ്റവും ഒടുവിലത്തെ കുടിശ്ശിക എത്രയാണ്; | (ബി) കുടിശ്ശിക കിട്ടാത്തതുമൂലം ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ തുടരാനാവില്ലെന്ന് കാണിച്ച് കരാറുകാരൊന്നും പരാതി നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിരത്ത് വിഭാഗത്തിൽ നിലവിൽ 111.25 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 97,16,59,267 രൂപയും ദേശീയപാതാ വിഭാഗത്തിൽ 11,42,79,834 രൂപയും കുടിശ്ശികയുണ്ട്. |
| (സി)ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കരാറുകാർ ഏതെല്ലാം പ്രവൃത്തികളിൽ നിന്ന് പിൻവാങ്ങിയിട്ടുണ്ട്; | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിരത്ത്, ദേശീയപാതാ വിഭാഗങ്ങളിൽ ആരംഭിച്ച പ്രവൃത്തികളിൽ നിന്നും കരാറുകാർ പിൻവാങ്ങിയിട്ടില്ല. എന്നാൽ കെട്ടിട വിഭാഗത്തിൽ താഴെപ്പറയുന്ന പ്രവൃത്തി കളിൽ നിന്നും കരാറുകാർ പിൻവാങ്ങിയിട്ടുണ്ട്.<br>1. കൊല്ലം താലൂക്ക് ആഫീസ് കെട്ടിട നിർമ്മാണം.<br>2. വടക്കേവിള വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം<br>3. കൊട്ടാരക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണം<br>4. കൊല്ലം ആഫ്റ്റർ കെയർ ഹോം കെട്ടിട നിർമ്മാണം. |

| | |
|---|---|
| (ഡി) വിലവ്യതിയാന വ്യവസ്ഥ എല്ലാ കരാറുകാർക്കും ബാധകമാണോ: | (ഡി) ബാധകമല്ല |
| (ഇ)നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ കരാറുകാർക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ